പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 326 09.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ ഡ്രൈവർമാരുടെ പുനഃക്രമീകരണം

ചോദ്യം ഉത്തരം

ശ്രീ. പി. കെ. ബഷീർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർമാരായ എത്ര പേരെ അദർ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്; അതിന്റെ മാനദണ്ഡമെന്തെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ അദർ ഡ്യൂട്ടി ഇല്ല. അസുഖം മൂലം ഡ്രൈവിംഗ് ജോലി ചെയ്യുവാൻ കഴിയാത്തവർക്ക് അവശത കണക്കിലെടുത്ത് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി യിലെ പാസഞ്ചർ വാഹനങ്ങളൊഴികെയുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് എത്ര ഡ്രൈവർമാരെയാണ് നിയമിച്ചിട്ടുള്ളത്; | (ബി) | 223 ഡ്രൈവർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. |
| (സി) | കെ.എസ്.ആർ.ടി.സി യിലെ ഡയറക്ടർമാർ ഒഴികെയുള്ളവരുടെ ആവശ്യങ്ങൾക്കായി ഇത്തരം ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഡയറക്ടർമാരൊഴികെയുള്ള ഉദ്യോഗസ്ഥർക്ക് സൗജന്യയാത്രാ പാസ് അനുവദിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പാസഞ്ചർ വണ്ടികൾ ഓടിക്കാൻ പാസഞ്ചർ ഇതര വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാരെ നിയോ ഗിച്ച് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിൽ ഹെവിപാസഞ്ചർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഡ്രൈവർമാരെ മാത്രമെ നിയമിക്കുന്നുള്ളൂ. ഈ ഡ്രൈവർമാരെ ഉപയോഗിച്ച് ചെറുവാഹനങ്ങൾ, മൊബൈൽ വാൻ, ലോറി എന്നിവ ഓടിക്കുന്നുണ്ട്. ഇവരിൽ കുറച്ചുപേർക്ക് പ്രത്യേക പരിശീലനം നല്കി ടാങ്കർ ലോറികളും ഓടിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ